# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ കെ.എസ്.ഡി. 10/18/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെ.എസ്.ഡി. 10/18/2023 തീയ്യതി: 28/03/2023

## കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2022 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-12-2022 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ്കുമാർ.സി, ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.വി.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രമീള.സി.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| നാരായണൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 30-04-2021 |
| രാജീവൻ.കെ | സെക്രട്ടറി | 01-05-2021 | 28-06-2021 |
| നാരായണൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 05-07-2021 |
| മനോജ്കുമാർ.എ.കെ | സെക്രട്ടറി | 06-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നാരായണൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-07-2021 |
| രേണുക | അസിസ്റ്റന്റ് സെക്രട്ടറി I/c | 08-07-2021 | 14-07-2021 |
| സജീന്ദ്രൻ പുതിയപുരയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2021 | 31-03-2022 |
| അനുസൂര്യ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 08-08-2021 |
| രമേശൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 09-08-2021 | 31-03-2022 |
| ധന്യ.പി.വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സരിത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| രജിത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2021 | 23-12-2021 |
| ലത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-12-2021 | 31-03-2022 |
| സരിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ചെറുവത്തൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| രജിഷ കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുട്ടമത്ത് സർക്കിൾ | 01-04-2021 | 17-08-2021 |
| സുരേന്ദ്രൻ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , കുട്ടമത്ത് സർക്കിൾ | 18-08-2021 | 31-03-2022 |
| മാധവൻ.പി | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| സ്മിത സെബാസ്റ്റ്യൻ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.പ്രവീൺകുമാർ | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.മുജീബ് റഹ്മാൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| രമ്യ.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| പോൾ.എം.എഫ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-1 |
| 4 | വികസന ഫണ്ടിന്റെ കണക്കിൽ വ്യത്യാസം | 1-2-2 |
| 5 | 2021-22 വർഷം ചെലവഴിച്ച തുക ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. | 1-2-3 |
| 6 | വാർഷിക ധനകാര്യപത്രികയിൽ നെഗറ്റീവ് തുകകൾ ഉൾപ്പെടുത്തികാണുന്നു. | 1-2-4 |
| 7 | ബാധ്യതാ തുകകളിലെ അപാകതകൾ | 1-2-5 |
| 8 | കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-2-6 |
| 9 | സാംഖ്യ-ILGMS പോർട്ടിംഗ് | 1-2-7 |
| 10 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-8 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-2-9 |
| 12 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ചെലവിന്റെ കണക്കുകളിൽ വ്യത്യാസം | 1-2-10 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | വിവിധ ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-10 |
| 21 | 17അസസ്സെന്റ് വാർഡുകളിലെയും ചില കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് സഞ്ചയയിൽ സസ്പെക്ട് ചെയ്തിരിക്കുന്നു. | 1-11 |
| 22 | സർക്കാർ ഉത്തരവ് പ്രകാരം വസ്തുiനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. | 1-12 |
| 23 | തൊഴിൽ നികുതി- അപാകതകൾ | 1-13 |
| 24 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല. | 1-14 |
| 25 | ആർജിത അവധി കണക്കിൽ അപാകത. | 1-15 |
| 26 | പൊതു ജലാശയങ്ങളുടെ സംരക്ഷണം-തെങ്ങിൻകുറ്റികൾ അടിക്കുന്ന പ്രവൃത്തിക്ക് കൂടിയ നിരക്ക് അനുവദിച്ചതിനാൽ അധികം തുക നൽകി. | 1-16 |

| | | |
|---|---|---|
| 27 | റോഡ് പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത (Scarified) കല്ലും മെറ്റലും പുനരുപയോഗത്തിനുള്ള സാധ്യത പരിഗണിക്കണം. | 1-17 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ വാങ്ങിയ ഫർണിച്ചർ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. | 1-18 |
| 29 | തരിശ് നെൽകൃഷി പ്രോജക്ട് അപാകതകൾ | 1-19 |
| 30 | ബാലൻസ് രശീതികൾ | 1-20 |
| 31 | ലൈസൻസ് -അപാകതകൾ | 1-21 |
| 32 | സാക്ഷരത പ്രേരകിന് അനുവദിച്ച ഹോണറേറിയം, തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-22 |
| 33 | തെർമൽ സ്കാനറും മറ്റും വാങ്ങി നൽകിയത് - വിതരണ വിവരങ്ങൾ ലഭ്യമല്ല | 1-23 |
| 34 | വാർഡുതല സാനിറ്റേഷൻ- ചെലവ് വിവരങ്ങൾ നൽകിയില്ല | 1-24 |
| 35 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2021-22 വർഷം ജീവനക്കാർ ആർജ്ജിതാവധി പണമാക്കിയത് | 1-25 |
| 36 | സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൊതു ജലാശയങ്ങളുടെ സംരക്ഷണം-തെങ്ങിൻകുറ്റികൾ അടിക്കുന്ന പ്രവൃത്തിക്ക് കൂടിയ നിരക്ക് അനുവദിച്ചതിനാൽ അധികം തുക നൽകി. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണസമിതി തീരുമാനം, തീയതി | 1/1 തീയതി:18/02/2021 | 1/1 തീയതി:24/03/2022 |
| മുന്നിരിപ്പ് | 1,61,58,132 | 17,26,314 |
| വരവ് | 20,74,35,200 | 26,44,30,200 |
| ആകെ | 22,35,93,332 | 26,61,56,514 |
| ചെലവ് | 21,54,43,000 | 24,84,55,734 |
| നീക്കിയിരിപ്പ് | 81,50,332 | 1,77,00,780 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

#### 1-2-2 വികസന ഫണ്ടിന്റെ കണക്കിൽ വ്യത്യാസം

| ACR പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|
| 1,58,81,925 | 1,57,92,045 | 89,880 |

89,880രൂപയുടെ ചെലവ് ACR-ൽ ബില്ല് നം 63/തീ.31.08.2021-ആയി ഉൾപ്പെട്ടിട്ടുണ്ട്, എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

#### 1-2-3 2021-22 വർഷം ചെലവഴിച്ച തുക ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

പ്രീ-മൺസൂൺ അലോട്ട്മെന്റായി ബില്ല് നം 19/തീ.21.03.2022 പ്രകാരം ലഭിച്ച 1,70,000 രൂപ 2021-22 വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക 320300103 എന്ന ഹെഡിൽ ബാലൻസ്ഷീറ്റ് B-4 ൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

#### 1-2-4 വാർഷിക ധനകാര്യപത്രികയിൽ നെഗറ്റീവ് തുകകൾ ഉൾപ്പെടുത്തികാണുന്നു.

വാർഷിക ധനകാര്യപത്രികയിൽ താഴെ കൊടുത്തിട്ടുള്ള ഹെഡുകളിൽ നെഗറ്റീവായി തുകകൾ ഉൾപ്പെടുത്തികാണുന്നു,

| | ഹെഡ് | ഉൾപ്പെടുത്തിയതുക |
|---|---|---|
| ബാലൻസ് ഷീറ്റ് | 460100101- Festival Advance | - 6,000.00 |

| | | |
|---|---|---|
| ഇൻകം& എക്സ്പെൻഡിച്ചർ | 220110102- Electricity Charges- Transferred Instituetions | - 16,730.00 |
| | 220110104- Water Charges - Transferred Instituetions | - 181.00 |
| | 220120102- Telephone Expenses- Transferred Instituetions | - 934.00 |
| | 220120105- Other Expenses- Transferred Instituetions | - 36,635.00 |

മേൽ അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല.

1-2-5 ബാധ്യതാ തുകകളിലെ അപാകതകൾ

B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എം.എൻ.ആർ.ഇ.ജി.എ., എസ്.എസ്.എ. എന്നിവ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

1-2-6 കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺറോഡ്) എന്നീ ഫണ്ടുകളിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2022-ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവിധ ആസ്തികൾക്ക് 2021-22 വർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെയും തേയ്മാന പട്ടിക പഞ്ചായത്ത് അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2-7 സാംഖ്യ-ILGMS പോർട്ടിംഗ്

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 03/09/2021മുതലാണ്. 01/04/2021മുതൽ 02/09/2021 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 05/10/2020 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2021 മുതൽ 31.03.2022 വരെയുള്ള സാമ്പത്തിക വർഷത്തെ വരവ്-ചെലവുകൾ ഉൾക്കൊള്ളുന്ന വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2021 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2021 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യ വഴി മുൻ ബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപ്പത്രിക 06/09/2022-ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ഓൺലൈനായി വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

A. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപ്പത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 102 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 104 | Treasury Accounts For Traditional Functions Fund |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസ് സാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

B. സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration), സാംഖ്യ (ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ (വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്റ്റ് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്റ്റ് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

C. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

D. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ILGM-ൽ ഓഡിറ്റ് പിരീഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

E. തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

F. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നത്.

G. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും “ Amount Payble To Other Creditors” എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2021-മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

H. തൻ വർഷം വിവിധ വർക്കുകൾക്കായി അഡ്വാൻസ് ഇനത്തിൽ നല്കിയ തുകകൾ RP-49 ൽ ബന്ധപ്പെട്ട ഹെഡിൽ ( 460500202, 460500201) അക്കൗണ്ട് ചെയ്തിട്ടില്ല.

I. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യാഗസ്ഥരുടെ സീറ്റ് - റോൾ - മൈനർ മാപ്പിംഗ് ഐ.എൽ.ജി.എം.എസിൽ നടത്തിയിട്ടില്ല.

J. സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം കാണുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Earmarked Funds | RP- 29 | RP- 28 |
| Grants, Funds & Contributions For Specific Purposes | RP- 31 | RP- 30 |
| Secured Loans | RP- 32 | RP- 31 |
| Deposits Received | RP- 34 | RP- 33 |
| Other Liabilities | RP- 36 | RP- 35 |
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Operations & Maintenance | RP- 13 | RP- 14 |
| Loans, Advances & Deposits | RP- 47 | RP- 49 |

K. സാഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMSലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ ഉല്പാദനം, സേവനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

L. B-9ഷെഡ്യൂളിൽ ഉൾപ്പെടേണ്ടിയിരുന്ന മറ്റ് ലൈബിലിറ്റികൾ എന്ന ഇനം B-4ഷെഡ്യൂളിൽ 320100999 എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

M. ഒരേ ഇനത്തിന് വ്യത്യസ്ത കോഡുകൾ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് (മുൻ വർഷം) | ഇനം | പുതിതായി(2021-22) രേഖപ്പെടുത്തിയിട്ടുള്ള കോഡ് | ഇനം | റിമാർക്ക്സ് |
|---|---|---|---|---|
| 140400108 | Correction Fee-Marriage Reristration (Common) Rule 2008 | 140120199 | Fee For Correction In Marriage Register (Except Clerical Error) + Issue Of Certificate | Different Codes For Same Item |

| | | |
|---|---|---|
| | 140130113 | Fee For Correction In Marriage Register (Except Clerical Error) + Issue Of Certificate |

N. സാംഖ്യയിൽ Non Availability Certificate എന്ന ഇനം ഉൾപ്പെടുത്തിയ കോഡ് ഐ.എൽ.ജി.എം.എസിൽ വ്യത്യസ്ത ഇനമായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് (മുൻ വർഷം) | ഇനം | പുതിതായി (2021-22) രേഖപ്പെടുത്തിയിട്ടുള്ള കോഡ് | ഇനം | റിമാർക്ക്സ് |
|---|---|---|---|---|
| 140130105 | Fee For Non Availability Certificate | 140130105 | Fee For Name Inclusion Of Those Who Didnot Join School + Certificate Issue | Same Head But Different Item |

O. സാംഖ്യയിൽ വ്യത്യസ്ത ഇനത്തിൽ രേഖപ്പെടുത്തിയിരുന്ന തുകകൾ ഐ.എൽ.ജി.എം.എസിൽ ഒരു ഇനത്തിലായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 410100199,B-11 | LAND-OTHERS | 415120101 B-11 (E) | OTHER BUILDINGS - LAND |
| 410200104,B-11 | BUILDINGS- BURIAL GROUNDS | | |
| 410200199,B-11 | BUILDING - OTHERS | | |
| 410300101,B-11 | ROADS-CEMENT CONCRETE | 415110001 B-11 (E) | ROADS - NEW ROADS |
| 410300104,B-11 | ROADS - GRAVEL | | |
| 410710101, B-11 | MOVABLE ASSETS - PLANT, MACHINERY AND TOOLS | 41512008 B-11 | LOCAL SELF GOVERNMENT INSTITUTIONS OFFICER BUILDING - EQUIPMENTS |
| 410710103,B-11 | MOVABLE ASSETS - OFFICE EQUIPMENTS & OTHER EQUIPMENTS | | |
| 410710199,B-11 | MOVABLE ASSETS- OTHERS | 410800101 B-11 | OTHER FIXED ASSETS |
| 410800101,B-11 | OTHER FIXED ASSE | | |

1-2-8 പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കിന് സാധിച്ചിട്ടില്ല.

### 1-2-10 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ചെലവിന്റെ കണക്കുകളിൽ വ്യത്യാസം

| സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | ധനകാര്യ പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|
| 14,50,000 | 14,06,500 | 43,500 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-2022 |
|---|---|
| മുന്നിരിപ്പ് | 4,70,01,035 |
| വരവ് | 12,70,84,678 |
| ആകെ | 17,40,85,713 |
| ചെലവ് | 12,13,19,769 |
| നീക്കിയിരിപ്പ് | 5,27,65,944 |

### 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,95,65,154 | 1,95,65,154 | 1,91,27,000 | 4,38,154 | 97.7 |
| വികസനഫണ്ട് എസ്.സി.പി. | 0 | 32,14,000 | 32,14,000 | 32,14,000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9811000 | 9811000 | 9811000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6251484 | 6251484 | 4403662 | 1847822 | 70 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | TRY-O | 3599255 | 3599255 | 2561286 | 1037969 | 71 |
| | Bank-O | 5342000 | 5342000 | 3637051 | 1704949 | 68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | TRY-O | 1179899 | 1179899 | 1142097 | 37802 | 96 |
| | Bank-O | 3639755 | 3639755 | 3530146 | 109609 | 96.9 |

കുറിപ്പ്: (വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹32,45,075 (ജനറൽ), ₹61,058 (എസ്.സി.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15881925 | 15881925 | 15881925 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3152942 | 3152942 | 3152942 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9811000 | 9811000 | 9811000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4403662 | 4403662 | 4403662 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 2561286 | 2561286 | 2561286 | 0 |
| | Bank | 5342000 | 5342000 | 3637051 | 1704949 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | 0 | 1142097 | 1142097 | 1142097 | 0 |
| | Bank | 3639755 | 3639755 | 3530146 | 109609 |
| ബി ഫണ്ട് | | | | | |
| വിധവകളുടെപെൺമക്കളക്കുള്ള വിവാഹ ധനസഹായം | 0 | 360000 | 360000 | 360000 | 360000 |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 170000 | 170000 | 170000 | 0 |
| ട്രഷറി TSB - ജനറൽ പർപ്പസ് | 1000000 | 10438623 | 11438623 | 10373529 | 1065094 |

| | | | | | |
|---|---|---|---|---|---|
| സംയുക്തപദ്ധതി (ജില്ലപഞ്ചായത്ത്) | 0 | 1887720 | 1887720 | 800000 | 1087720 |
| സംയുക്തപദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 0 | 1450000 | 1450000 | 1450000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 23701 | 541709 | 565410 | 565410 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 783549 | 1025813 | 1809362 | 1135182 | 674180 |
| എസ്.എസ്.എ | 379749 | 12146 | 391895 | 0 | 391895 |
| ടോട്ടൽ സാനിറ്റേഷൻ | 1632823 | 0 | 1632823 | 1632823 | 0 |
| ശുചിത്വ മിഷൻ | 2796774 | | 2796774 | 799697 | 1997077 |
| പൈക്ക | 59348 | 0 | 59348 | 0 | 59348 |
| സാഗി(SAGY) | 16600 | 4862480 | 4879080 | 4862480 | 16600 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ഖരമാലിന്യപരിപാലനം | 1108166 | 0 | 1108166 | 0 | 1108166 |
| വിമുക്തി | 31082 | 0 | 31082 | 0 | 31082 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1400000 | 4225830 | 5625830 | 5625830 | 0 |
| മികച്ച പഞ്ചായത്ത് അവാർഡ് തുക | 122274 | 0 | 122274 | 0 | 122274 |
| ഗുണഭോക്തൃ വിഹിതം | 0 | 571575 | 571575 | 571575 | 0 |
| CMDRF | 3000 | 0 | 3000 | 0 | 3000 |
| ബഡ്സ് സ്കൂൾ പ്രവർത്തനം | 1113878 | 0 | 1113878 | 18100 | 1095778 |
| പഞ്ചായത്ത് ദുരിതാശ്വാസ നിധി | 205 | 13000 | 13205 | 5000 | 8205 |

കുറിപ്പ്-

1).മേൽ വിവരിച്ച വരവ് ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 1,50,24,131/-രൂപ വരവുണ്ട്.

2).വികസന ഫണ്ട് ജനറലിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ 4,38,154രൂപ ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്, കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 45,484രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി).6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളുടെ ബാങ്കിൽ നീക്കിയിരിപ്പുള്ള തുകയ്ക്ക് 78,755 രൂപ പലിശ ലഭിച്ചിട്ടുണ്ട് ബാങ്ക് ചാർജ്ജിനത്തിൽ 59 രൂപ ബാങ്ക് ഈടാക്കിയിട്ടുമുണ്ട്.

3).തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ 6,71,26,509 രൂപ FTO മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്.

4)ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ വാർഷിക ധനകാര്യ പത്രികയിയും യഥാർത്ഥ കണക്കും തമ്മിൽ വ്യത്യാസമുണ്ട്. ആയത് ഈ റിപ്പോർട്ടിലെ ഭാഗം 1-2-10 ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതി കളുടെ ശതമാനം |
|---|---|---|---|---|
| 181 | 137 | 10 | 34 | 75.69 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-2022 വർഷത്തിൽനടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 9327081 | 22 | 7192754 | 77.12 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 1403647 | 6 | 768385 | 54.74 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 85 | 52268925 | 66 | 30198750 | 57.78 |
| 4 | കൃഷി ഓഫീസർ | 9 | 3902340 | 9 | 3527340 | 90.39 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 13715400 | 13 | 10366045 | 75.57 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6119979 | 5 | 5564160 | 90.92 |
| 7 | വെറ്റനറി സർജ്ജൻ | 9 | 3255704 | 9 | 2196285 | 67.46 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 3 | 1119000 | 3 | 1118018 | 99.91 |
| 9 | മെഡിക്കൽ ഓഫീസർ –പി.എച്ച്.സി | 6 | 3028629 | 5 | 2663171 | 87.93 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 7 | 1237686 | 5 | 739783 | 59.77 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1500000 | 1 | 1500000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 90000 | 2 | 90000 | 100 |
| | ആകെ | 181 | 97268391 | 147 | 66224691 | 68.08 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതഗ്രാമം മാലിന്യ പരിപാലന പദ്ധതി(പ്രോജക്ട് നം 62/21-22, ഫണ്ടിനം- തനത് ഫണ്ട്, ചെലവ് 54,000രൂപ) ചെലവ് പത്രികയിൽ (സുലേഖ പത്രികയിൽ) ഉൾപ്പെട്ടിരുന്നില്ല. ആയതുകൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 23,701 | 4,85,920 | 5,09,621 | 5,09,621 | 0 |
| ഗുണഭോക്താക്കൾക്ക് | 0 | 62,133,702 | 62,133,702 | 62,133,702 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 23,701 | 6,26,19,622 | 6,26,43,323 | 6,26,43,323 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 3210 പദ്ധതികളുൾപ്പെടുന്ന 38,33,95,022 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 551 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 209119 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 1646 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 69,45,000 | 360 |
| വിധവാപെൻഷൻ | 2,49,14,900 | 1351 |
| വാർദ്ധക്യകാലപെൻഷൻ | 3,44,76,600 | 2158 |
| വികലാംഗപെൻഷൻ | 60,18,200 | 332 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 10,60,400 | 63 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,60,000 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-12-2022 തീയതിയിൽ 3.30p.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 34,551/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |

| | | |
|---|---|---|
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 2 |

02.09.2021ഉത്തരവ് നം എസ്.സി.2-2474/2021പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 30 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 21 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. 7/2021, 9/2021, 11/2021 എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ യഥാക്രമം 17.08.2021, 18.10.2021, 15.12.2021എന്നീ തീയതികളിലാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-2022 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

കൺട്രോൾ ഓവ ർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ 89,880രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.വാർഷിക ധനകാര്യപത്രികയിൽ ചില ഹെഡുകളിൽ നെഗറ്റീവായി തുകകൾ ഉൾപ്പെടുത്തികാണുന്നുണ്ട്. പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും

അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ച് വരുന്നത്.

ഡ.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവ ർ പ്രൊക്യൂർമെന്റ് .

ഗ്രമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-2022 വർഷത്തിൽ മൂന്ന് തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ മുഴുവൻ ജീവനക്കാരുടെയും ശമ്പളം ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021 പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷി പ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്ന

2021-22 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No. | Ward No. | Door No. | Owner Details | Receipt ID | Receipt No. | Amount |
|---|---|---|---|---|---|---|
| 1 | 11 | 432-A | കെ പ്രവീൺ, നിയർ വില്ലേജ് ഓഫീസ്, ചെറുവത്തൂർ പി ഒ | 1502943 | 1210100301/ Dt.28/09/2021 | 599 |
| 2 | 10 | 890-C | തെക്കുമ്പാടൻ വീട്ടിൽ വേണു & കയനി ജയലക്ഷ്മി | 1592659 | 1210100519/ Dt. 08/10/2021 | 1859 |
| 3 | 10 | 1239 | കൊഴുന്തിൽ അനിൽകുമാർ(കണ്ണംകുളം | 1616461 | 1210100573/dt.12 /10/2021 | 344 |
| 4 | 17 | 328 | അരയാംതുരുത്തി കുഞ്ഞമ്പാടി | 1800221 | 1210101093/ Dt.05/11/2021 | 399 |
| 5 | 10 | 1453 | എം അബ്ദുള്ള ഹാജി, എം.മുഹമ്മദ്, തയ്യിലക്കണ്ടി അബ്ദുൾ ഖാദർ ഹാജി | 1725323 | 1210100929/dt.28 /10/2021 | 696 |
| 6 | 5 | 59-A | മഞ്ചേരി പടിഞ്ഞാറെ വീട്ടിൽ ശശി | 3227881 | 1210600504/dt.25 /02/2022 | 1044 |
| 7 | 9 | 72 | മധുസൂദനൻ അട്ടക്കത്തായർ | 1507089 | 1210100306/dt.29 /09/2021 | 655 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/28.12.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ മേൽ അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 17അസസ്മെന്റ് വാർഡുകളിലെയും ചില കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് സഞ്ചയയിൽ സസ്പെക്ട് ചെയ്തിരിക്കുന്നു.

2021-22വർഷത്തെ വസ്തുനികുതി വരവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ സഞ്ചയയിൽ ഗ്രാമപഞ്ചായത്തിലെ 17 അസസ്മെന്റ് വാർഡുകളിലെയും ചില കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് സസ്പെക്ട് ചെയ്തിരിക്കുന്നതായി കാണുന്നു. ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച ഒന്നു മുതൽ നാല് വരെയുള്ള വാർഡുകളിലെ വിവരം താഴെ കൊടുക്കുന്നു,

| New Ward No | New Door No | New Sub No | Owner Details | Year | Period |
|---|---|---|---|---|---|
| 1 | 2 | | സി വി ചന്ദ്രശേഖരൻ | 2013-14 To 2015-16 | First Half |
| 1 | 2 | | സി വി ചന്ദ്രശേഖരൻ | 2013-14 | Second |

| | | | | | |
|---|---|---|---|---|---|
| | | | | To 2015-16 | Half |
| 1 | 11 | | അമ്പൂഞ്ഞി പി കെ(പി കെ ബി ഹൌസ്,പുറത്തേമാട്,അച്ചാംതുരുത്തി | 2013-14 To 2016-17 | First Half |
| 1 | 11 | | അമ്പൂഞ്ഞി പി കെ(പി കെ ബി ഹൌസ്,പുറത്തേമാട്,അച്ചാംതുരുത്തി | 2013-14 To 2016-17 | Second Half |
| 1 | 23 | | സ്വരാജ് എം, മുങ്ങത്ത്,അച്ചാംതുരുത്), മിഥുൻരാജ് മുങ്ങത്ത് | 2016 | First Half |
| 1 | 65 | | മെട്ടക്ക് കുഞ്ഞിരാമൻ(പുറത്തേമാട്, അച്ചാംതുരുത്തി പി ഒ | 2015-16 To 2017-18 | First Half |
| 1 | 65 | | മെട്ടക്ക് കുഞ്ഞിരാമൻ(പുറത്തേമാട്, അച്ചാംതുരുത്തി പി ഒ | 2015-16 To 2017-18 | Second Half |
| 1 | 221 | | ഭാസ്കരൻ.കെ(കിഴക്കേവീട്ടിൽ, എരിഞ്ഞിക്കീൽ,അച്ചാംതുരുത്തി പി ഒ | 2014 | Second Half |
| 1 | 250 | | കെ വി നാരായണൻ(അച്ചാംതുരുത്തി) | 2013 | Second Half |
| 1 | 388 | | കെ പി മാധവി മുതൽ മക്കൾ 5 പേർ(കൈപ്പാട്ടിൽ,അച്ചാംതുരുത്തി | 2016 | First Half |
| 1 | 388 | | കെ പി മാധവി മുതൽ മക്കൾ 5 പേർ(കൈപ്പാട്ടിൽ,അച്ചാംതുരുത്തി | 2016 | Second Half |
| 1 | 426 | A | വാഴവളപ്പിൽ ചന്ദ്രൻ(അച്ചാംതുരുത്തി | 2019 | Second Half |
| 1 | 427 | | തലക്കാട്ട്മാധവി, കാർത്ത്യായനി, ശശിധരന്, അജിത(അച്ചാംതുരുത്തി) | 2019 | Second Half |
| 2 | 4 | | കാട്ടിലെ വളപ്പിൽ പുതുവാച്ച് ജനാർദ്ദനൻ(എരിഞ്ഞിക്കീൽ, അച്ചാംതുരുത്തി,ചെറുവത്തൂർ0 | 2019 | Second Half |
| 2 | 5 | | പുതിയ പുരയിൽ വിനീത, എരിഞ്ഞിക്കീൽ, അച്ചാംതുരുത്തി. | 2019 | Second Half |
| 2 | 24 | | എം അശോകൻ(കിഴക്കേമുറി, അച്ചാംതുരുത്തി പി ഒ | 2015 | Second Half |
| 2 | 112 | | ചന്ദ്രാരൻ വളപ്പിൽ നാരായണി,പതിക്കാൽ | 2014 | First Half |
| 2 | 112 | | ചന്ദ്രാരൻ വളപ്പിൽ നാരായണി (പതിക്കാൽ) | 2014 | Second Half |
| 2 | 221 | A | വാഴവളപ്പിൽ സുരേഷ്, കാരിയിൽ,തുരുത്തി, സൗമ്യമോൾ ടി എസ്, കാരിയിൽ,തുരുത്തി | 2013-14 To 2014-15 | First Half |
| 2 | 221 | A | വാഴവളപ്പിൽ സുരേഷ്, കാരിയിൽ,തുരുത്തി, | 2013-14 | Second |

| | | | | | |
|---|---|---|---|---|---|
| | | | സൗമ്യമോൾ ടി എസ്, കാരിയിൽ,ഉരുത്തി | To 2014-15 | Half |
| 2 | 226 | | മുണ്ട്യം വീട്ടിൽ നാരായണി & രാജീവൻ, കാരിയിൽ,കാരിയിൽ, ഉരുത്തി. | 2013 | Second Half |
| 2 | 232 | | ഗോവിന്ദൻ എൻ, നാപ്പയിൽ , കാരിയിൽ , ചെറുവത്തൂർ, ഉരുത്തി | 2015 | First Half |
| 2 | 274 | | മയ്യക്കാരൻ അബ്ദുൾ റസാഖ്, വപ്പിലമാട്,അച്ചാംഉരുത്തി പി ഒ. | 2013 | First Half |
| 2 | 274 | | മയ്യക്കാരൻ അബ്ദുൾ റസാഖ്, വപ്പിലമാട്,അച്ചാംഉരുത്തി പി ഒ. | 2013 | Second Half |
| 2 | 283 | A | മിയാനത്ത് മുനീർ, മിയാനത്ത് ഹൌസ്,ചീക്കോത്ത്-,ഉരുത്തി പി ഒ | 2016 | Second Half |
| 2 | 352 | | കെ വിനാരായണി,മുഴക്കീൽ | 2013-14 To 2014-15 | First Half |
| 2 | 352 | | കെ വി നാരായണി, മുഴക്കീൽ | 2013-14 To 2014-15 | Second Half |
| 2 | 357 | | മാടപ്രം അഫ്സത്ത്, മുഴക്കീൽ,ഉരുത്തി | 2013-14 To 2014-15 | First Half |
| 2 | 357 | | മാടപ്രം അഫ്സത്ത്, മുഴക്കീൽ,ഉരുത്തി | 2013-14 To 2014-15 | Second Half |
| 3 | 113 | | സെക്രട്ടറി ബീഡിവർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി കാരിയില് ബ്രാഞ്ച്(കാരില്,ഉരുത്തി പി ഒ,671351) | 2013-14 To 2014-15 | First Half |
| 3 | 113 | | സെക്രട്ടറി ബീഡിവർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി കാരിയില് ബ്രാഞ്ച്(കാരില്,ഉരുത്തി പി ഒ,671351) | 2013-14 To 2014-15 | Second Half |
| 3 | 118 | | കെ ടി ശാന്ത, പ്രശാന്ത് രാജൻ, പ്രസീത രാജൻ, ഉരുത്തി പി ഒ. | 2014-15 | First Half |
| 3 | 118 | | കെ ടി ശാന്ത, പ്രശാന്ത് രാജൻ, പ്രസീത രാജൻ, ഉരുത്തി പി ഒ. | 2014 | Second Half |
| 3 | 118 | | കെ ടി ശാന്ത, പ്രശാന്ത് രാജൻ, പ്രസീത രാജൻ, ഉരുത്തി പി ഒ. | 2015 | First Half |
| 3 | 179 | | കാരി വീട്ടിൽ ജാനകി,ഗിരിജ, ജയരാജൻ, മീൻകടവ്,ഉരുത്തി. | 2013 | First Half |
| 3 | 179 | | കാരി വീട്ടിൽ ജാനകി,ഗിരിജ, ജയരാജൻ, മീൻകടവ്,ഉരുത്തി. | 2013 | Second Half |
| 3 | 218 | A | നാപ്പയില് കുഞ്ഞിക്കണ്ണന്, മീന്കടവ്, ഉരുത്തി പി ഒ | 2013 | First Half |
| 3 | 218 | A | നാപ്പയില് കുഞ്ഞിക്കണ്ണന് മീന്കടവ്, ഉരുത്തി പി | 2013 | Second |

| | | | | | |
|---|---|---|---|---|---|
| | | | ഒ | | Half |
| 3 | 236 | A1 | ആലംമെട്ടമ്മൽ രവീന്ദ്രൻ, ആനക്കാരന്റെ മെട്ട, കാരിയിൽ,ഉരുത്തി പി ഒ | 2013-14 To 2014-15 | First Half |
| 3 | 236 | A1 | ആലംമെട്ടമ്മൽ രവീന്ദ്രൻ, ആനക്കാരന്റെ മെട്ട, കാരിയിൽ, ഉരുത്തി പി ഒ. | 2013-14 To 2014-15 | Second Half |
| 3 | 397 | A | അങ്ങിട്ടെകാരിയിൽ ചന്ദ്രൻ, മൊഴക്കീൽ,ഉരുത്തി പി ഒ. | 2013 | First Half |
| 3 | 397 | A | അങ്ങിട്ടെകാരിയിൽ ചന്ദ്രൻ, മൊഴക്കീൽ,ഉരുത്തി പി ഒ | 2013 | Second Half |
| 3 | 397 | A | അങ്ങിട്ടെകാരിയിൽ ചന്ദ്രൻ, മൊഴക്കീൽ,ഉരുത്തി പി ഒ. | 2015 | First Half |
| 3 | 408 | | അങ്ങിട്ടെ കാരിയിൽ നാരായണി, കാരിയിൽ ,ഉരുത്തി പി ഒ | 2013 | First Half |
| 3 | 408 | | അങ്ങിട്ടെ കാരിയിൽ നാരായണി, കാരിയിൽ,ഉരുത്തി പി ഒ | 2013 | Second Half |
| 3 | 477 | | അഞ്ചില്ലത്ത് മറിയുമ്മ,പള്ളിക്കണ്ടം, ഉരുത്തി പി ഒ | 2013 | First Half |
| 3 | 477 | | അഞ്ചില്ലത്ത് മറിയുമ്മ,പള്ളിക്കണ്ടം, ഉരുത്തി പി ഒ. | 2014 | First Half |
| 3 | 477 | | അഞ്ചില്ലത്ത് മറിയുമ്മ,പള്ളിക്കണ്ടം, ഉരുത്തി പി ഒ | 2013 | Second Half |
| 3 | 477 | | അഞ്ചില്ലത്ത് മറിയുമ്മ,പള്ളിക്കണ്ടം, ഉരുത്തി പി ഒ | 2014 | Second Half |
| 3 | 506 | B | മുനമ്പത്ത് രാമചന്ദ്രൻ, മുനമ്പത്ത്, വഞ്ഞങ്ങമാട്, ഉരുത്തി | 2016 | Second Half |
| 4 | 110 | A | കാട്ടാമ്പള്ളി രാജീവൻ,മയിച്ച | 2013 | First Half |
| 4 | 110 | A | കാട്ടാമ്പള്ളി രാജീവൻ,മയിച്ച. | 2013 | Second Half |
| 4 | 114 | B | കനിക്കീല് കുഞ്ഞിരാമന്, മയിച്. | 2013 | First Half |
| 4 | 114 | B | കനിക്കീല് കുഞ്ഞിരാമന്, മയിച്. | 2013 | Second Half |
| 4 | 181 | | ജയൻ കെ വി, കിഴക്കേവീട്ടിൽ, മയിച്ച, ചെറുവത്തൂർ | 2018 | First Half |
| 4 | 222 | | പത്രുവളപ്പിൽ സതീശൻ, മയ്യിച്ച,<br>ചെറുവത്തൂർ പി ഒ. | 2013 | First Half |
| 4 | 222 | | പത്രുവളപ്പിൽ സതീശൻ, മയ്യിച്ച,<br>ചെറുവത്തൂർ പി ഒ. | 2013 | Second Half |
| 4 | 222 | | പത്രുവളപ്പിൽ സതീശൻ, മയ്യിച്ച, | 2014 | First |

| | | | | | |
|---|---|---|---|---|---|
| | | | ചെറുവത്തൂർ പി ഒ. | | Half |
| 4 | 222 | | പത്രുവളപ്പിൽ സതീശൻ, മയ്യിച്ച, ചെറുവത്തൂർ പി ഒ. | 2014 | Second Half |
| 4 | 222 | | പത്രുവളപ്പിൽ സതീശൻ, മയ്യിച്ച, ചെറുവത്തൂർ പി ഒ. | 2015 | First Half |
| 4 | 222 | | പത്രുവളപ്പിൽ സതീശൻ, മയ്യിച്ച, ചെറുവത്തൂർ പി ഒ. | 2015 | Second Half |
| 4 | 237 | | മുന്തിക്കോട് മീനാക്ഷി, മയിച്ച, ചെറുവത്തൂർ പി ഒ. | 2015 | First Half |
| 4 | 237 | | മുന്തിക്കോട് മീനാക്ഷി, മയിച്ച,ചെറുവത്തൂർ പി ഒ | 2015 | Second Half |
| 4 | 243 | A | മഠത്തിൽ ശാന്ത, പ്രമോദ്, പ്രദീപ്, മുണ്ട്യംപുരയിൽഹൗസ്, മയ്യിച്ച, ചെറുവത്തൂർ | 2013 | First Half |
| 4 | 243 | A | മഠത്തിൽ ശാന്ത, പ്രമോദ്, പ്രദീപ്, മുണ്ട്യംപുരയിൽഹൗസ്, മയ്യിച്ച. | 2013 | Second Half |
| 4 | 370 | A | കുറ്റിക്കടവത്ത് കളത്തിൽ കണ്ണൻ,കാരിയിൽ. | 2013 | First Half |
| 4 | 370 | A | കുറ്റിക്കടവത്ത് കളത്തിൽ കണ്ണൻ,കാരിയിൽ. | 2013 | Second Half |
| 4 | 391 | | കൊളങ്ങര വിനോദ്, പി പി രാജൻ, അനശ്രീ, അസ്സ | 2013 | First Half |
| 4 | 391 | | കൊളങ്ങര വിനോദ്, പി പി രാജൻ, അനശ്രീ, അസ്സ | 2013 | Second Half |
| 4 | 391 | | കൊളങ്ങര വിനോദ്, പി പി രാജൻ, അനശ്രീ, അസ്സ | 2014 | First Half |
| 4 | 391 | | കൊളങ്ങര വിനോദ്, പി പി രാജൻ, അനശ്രീ, അസ്സ | 2014 | Second Half |
| 4 | 391 | | കൊളങ്ങര വിനോദ്, പി പി രാജൻ, അനശ്രീ, അസ്സ | 2015 | First Half |
| 4 | 391 | | കൊളങ്ങര വിനോദ്, പി പി രാജൻ, അനശ്രീ, അസ്സ | 2015 | Second Half |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/29.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ മേൽ അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

14.01.2011 ലെ സ.ഉ.(അ) നം. 19/2011/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപ വിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി

നിരക്കുകൾ ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗ ക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.എന്നാൽ ഈ ഭേദഗതികൾ അനുസരിച്ച് ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗ ക്രമങ്ങളിൽപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള ഉപയോഗ ക്രമങ്ങളുടെയും നിരക്കുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് ഉപയോഗി ക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | കാർഷിക ആവശ്യത്തിനുള്ളവ | 0 | 0 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 |

ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. നികുതി നിരക്കുകൾ പരിഷ്കരിച്ച് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുകയുണ്ടായി,

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ , ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല .

I.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങിയിട്ടില്ല.

Ii.കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥന്മാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ആവശ്യപ്പെടുകയോ, തൊഴിലുടമകൾ അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ സമർപ്പിച്ചിട്ടുമില്ല. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

Iii. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും Ii ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.ആയതിനാൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നെല്ലാം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമല്ല.

## 1-14 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 ലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത

നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1).സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2).വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3).സ.ഉ(കൈ) നം. 11/2018/തസ്വഭവ, തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഒരു ഫയലിനോടൊപ്പവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4).29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2021-22 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഭാവിയിൽ പ്രോജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ട റിപ്പോർട്ടുകൾ/രേഖകൾ എന്നിവ യഥാസമയം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി /സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം-10തീയ്യതി 29-12-2022).

## 1-15 ആർജിത അവധി കണക്കിൽ അപാകത.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ.പ്രദീപൻ ചിറയൻ, സീനിയർ ക്ലാർക്ക് 03.04.2018 മുതൽ 12.04.2018 വരെയുള്ള 10 ദിവസവും (സേവന പുസ്തകം പേജ് നം 29 പ്രകാരം), 14.05.2018 മുതൽ 26.05.2018 വരെയുള്ള 13 ദിവസവും (സേവന പുസ്തകം പേജ് നം 31 പ്രകാരം), 19.03.2019 മുതൽ 20.03.2019 വരെയുള്ള 2 ദിവസവും (സേവന പുസ്തകം പേജ് നം 114, 115 പ്രകാരം) പരിവർത്തിത അവധിയിലായിരുന്നു. എന്നാൽ ശ്രീമതി. ശ്രീ.പ്രദീപൻ ചിറയൻ, സീനിയർ ക്ലാർക്കിന്റെ സേവന പുസ്തകത്തിൽ ഏൺഡ് ലീവ് അക്കൗണ്ടിൽ ( പേജ് നം 114, 115 ) 01.04.2018 മുതൽ 31.03.2019 വരെയുള്ള ആർജിത അവധി കണക്കാക്കിയപ്പോൾ ജീവനക്കാരൻ ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന 25 ദിവസം കുറവ് ചെയ്യേണ്ടതിനുപകരം 2 ദിവസം മാത്രമാണ് കുറവ് ചെയ്തത് (363/11= 33). ആയതിനാൽ ശ്രീ.പ്രദീപൻ ചിറയന്റെ ആർജിത അവധി അക്കൗണ്ടിൽ അധികമുള്ള $2^{1/11}$ ദിവസം ദിവസം കുറവ് ചെയ്ത് ആർജിത അവധിയുടെ കണക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 3 തിയതി 28.12.2022).

## 1-16 പൊതു ജലാശയങ്ങളുടെ സംരക്ഷണം-തെങ്ങിൻകുറ്റികൾ അടിക്കുന്ന പ്രവൃത്തിക്ക് കൂടിയ നിരക്ക് അനുവദിച്ചതിനാൽ അധികം തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ 125/22 & 39/23 (പൊതുജലാശയങ്ങളുടെ സംരക്ഷണം-തോടുകളുടെ പുനരുദ്ധാരണം) |
| അടങ്കൽ | ₹29,05,200/- രൂപ ( ₹ 26,63,950/-ധനകാര്യ കമ്മീഷൻ അവാർഡ് + ₹ 2,41,250/- തനത് ഫണ്ട്) |
| എസ്റ്റിമേറ്റ് | ₹29,05,200/- (EST NO: 2021/31840) |
| സാങ്കേതികാനുമതി | ₹29,05,200/- TS No. 75357/2021-2022<br>(Order No. LSGD/TS/2021-2022/ 31840 Dated 14.01.2022 എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, |

| | | | |
|---|---|---|---|
| | കാസറഗോഡ്). | | |
| എം. ബുക്ക് നം. | 05/2021-22 & 27/2021-22 | | |
| ആകെ അളവ് മൂല്യം | ₹ 11,19,627/- (1st & Part Bill) | | |
| കരാറുകാരൻ | ബാബു.എം.ജോസഫ് | | |
| ക്വാട്ട് ചെയ്ത തുക | ₹ 22,47,121/- | | |
| എഗ്രിമെന്റ് നമ്പർ | 63/AE/LID&EW/CGP/21-22 Dated 24.02.2022 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | XVFC/2021-22/P/31 തീ: 24.03.2022 | ₹ 12,53,982/- | ₹ 11,81,207/- |

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ പൊതുജലാശയങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി തോടുകളുടെ പുനരുദ്ധാരണം നടത്തുന്നതിനുള്ള പദ്ധതി 2021-2022, 2022-2023 എന്നീ വർഷങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിരുന്നു. ഈ പദ്ധതിക്കായി 2018 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2018) പ്രകാരം PRICE സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് (EST NO: 2021/31840) തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 33.05% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ രണ്ട് ഭാഗങ്ങളിലായി ആകെ 14 ഇനങ്ങളാണുള്ളത്. തോട് പുനരുദ്ധരണത്തിനുള്ള (Thodu Renovation) ആദ്യഭാഗത്തിൽ 4 ഇനങ്ങളും, തെങ്ങിൻകുറ്റികൾ അടിക്കുന്നതിനുള്ള (Coconut Piling) രണ്ടാമത്തെ ഭാഗത്തിൽ 10 ഇനങ്ങളുമാണുള്ളത്.

എസ്റ്റിമേറ്റിൽ തെങ്ങിൻകുറ്റികൾ അടിക്കുന്നതിനുള്ള (Coconut Piling) രണ്ടാമത്തെ ഭാഗത്തിലെ 7ാമത്തെ ഇനം പ്രവൃത്തി "Coconut Pile-Driving Down Coconut Pile To Lines And Levels Through Various Strata Including All Hire Charges And Labour For Fixing, Staging Platform And All Other Appliances Necessary For Pile Driving Down After Pointing The Bottom End (Code 60.64.4)" എന്നതാണ്. എസ്റ്റിമേറ്റിൽ 282 M അളവ് കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നതിന് ₹ 1079.43/m നിരക്കിൽ 3,04,399/- രൂപ വകയിരുത്തിയിട്ടുണ്ട്. (പിന്നീട് പ്രവൃത്തി ആരംഭിച്ച ശേഷം ഒറിജിനൽ എസ്റ്റിമേറ്റിലെ ആകെ അടങ്കൽ തുകയിലും ഇനങ്ങളിലും മാറ്റം വരാതെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിൽ തെങ്ങിൻകുറ്റികൾ അടിക്കുന്നതിനുള്ള (Coconut Piling) രണ്ടാമത്തെ ഭാഗത്തിലെ 7ാമത്തെ ഇനം പ്രവൃത്തിയായ "Coconut Pile-Driving Down Coconut Piles (Code 60.64.4) എന്നത് 297 M സ്ഥാപിക്കുന്നതിന് ₹ 1079.43/m നിരക്കിൽ 3,20,591/- രൂപ വകയിരുത്തിയിട്ടുണ്ട്).

ഈ പ്രവൃത്തിയിൽ മേൽ പറഞ്ഞ ഇനം ( Driving Down Coconut Pile) പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത് PRICE സോഫ്റ്റ്വെയർ മുഖേനയാണ്. താഴെ പറയും പ്രകാരമുള്ള "Data" അനുസരിച്ചുള്ള നിരക്കാണ്

Code 60.64.4

Coconut Pile-Driving Down Coconut Pile To Lines And Levels Through Various Strata Including All Hire Charges And Labour For Fixing, Staging Platform And All Other Appliances Necessary For Pile Driving Down After Pointing The Bottom End.

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| | Details For One Post Of 8m Long | | | | |
| 0128 | Mate | Day | 4.0 | 617.00 | 2468.00 |
| 0157 | Operator (Pile/Special Machine) | Day | 4.0 | 738.00 | 2952.00 |

| | | | | | |
|---|---|---|---|---|---|
| 0156 | Carpenter (Average) Hire And Labour Charges For Fixing Platform And Other Appliances | Day | 0.2 | 709.00 | 141.80 |
| 9999 | Sundries-Hire And Labour Charges For Fixing Platform And Other Appliances | L.S | 5.0 | 2.00 | 10.00 |
| 9999 | Sundries-Hire Charges For Ropes, Chain And Pully, Monkey And Other Appliances | L.S | 4.0 | 2.00 | 8.00 |
| 9999 | Sundries-Hire Charges For Wooden Scantling And Coir For Tying The Top Of Wooden Piles Etc. | L.S | 4.0 | 2.00 | 8.00 |
| | | | | TOTAL | 5587.80 |
| | | | | Add Water Charges @ 1% | 55.88 |
| | | | | TOTAL | 5643.68 |
| | | | | Add CPOH@ 15% | 846.55 |
| | | | | TOTAL | 6490.23 |
| | | | | Cost For 8.0 Metre | 6490.23 |
| | | | | Costper Metre | 811.28 |
| | | | | Say | 811.30 |
| | | | | Cost Index 33.05% | 268.13 |
| | | | | Total With Cost Index | 1079.43 |
| | | | | Say | 1079.43 |

ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയുടെ L1 കരാറുകാനായ ശ്രീ. ബാബു.എം.ജോസഫ് "Coconut Pile-Driving Down Coconut Pile To Lines And Levels Through Various Strata Including All Hire Charges And Labour For Fixing, Staging Platform And All Other Appliances Necessary For Pile Driving Down After Pointing The Bottom End (Code 60.64.4)" എന്നയിനത്തിന് ക്വാട്ട് ചെയ്ത നിരക്ക് ₹ 725/m എന്നതാണ്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം 05/2021-22, പേജ്-6) പ്രകാരം ഭാഗം-2ലെ 7ാമത്തെ ഇനം പ്രവൃത്തിയായി (Coconut Pile-Driving Down Coconut Pile To Lines And Levels Through Various Strata Including All Hire Charges And Labour For Fixing, Staging Platform And All Other Appliances Necessary For Pile Driving Down After Pointing The Bottom End) 297 M അളവ് കോക്കനട്ട് പൈലുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവായ 282m ആയി പരിമിതപ്പെടുത്തി, കരാറുകാരൻ ക്വാട്ട് ചെയ്ത ₹ 725/m എന്ന നിരക്കിൽ 2,04,450/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 20, എം.ബുക്ക് ) 12% ജി.എസ്.ടി കോമ്പൻസേഷൻ കൂട്ടി 2,28,984/-രൂപ പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾ PRICE Software മുഖേന കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം (Driving The Coconut Poles) പ്രവൃത്തിയുടെ നിരക്കായി പെരുപ്പിച്ച തുക (₹ 600/m മുതൽ ₹ 800/m വരെ) കണക്കാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിന്റെയടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ 29.04.2021ലെ No. Insp.Tech-2/118/2020-FIN കത്ത് മുഖേന LSGD ചീഫ് എഞ്ചിനീയർക്ക് കോക്കനട്ട് പൈലിംഗ് സ്ഥാപിക്കുന്നയിനം പ്രവൃത്തിയുടെ നിരക്ക് പുനപരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു. കോക്കനട്ട് പൈലിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള നിരക്കായ 130.41/m എന്നതിന്റെ കൂടെ അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് കൂടി പരിഗണിച്ച നിരക്ക് ഈയിനത്തിന്റെ ന്യായമായ നിരക്കാണ് എന്നും മേൽ കത്തിൽ പരാമർശിക്കുന്നുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 29.04.2021ലെ No. Insp.Tech-2/118/2020-FIN കത്തിലെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ

LSGD ചീഫ് എഞ്ചിനീയർ 09.07.2021 ലെ DB.1/1966/21/CE/LID&EW സർക്കുലർ മുഖേന കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം പ്രവൃത്തികൾക്കായി ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കി അംഗീകാരം വാങ്ങി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വർക്ക് ഫയൽ പരിശോധിച്ചതിൽ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ പൊതുജലാശയങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി തോടുകളുടെ പുനരുദ്ധാരണം നടത്തുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം പ്രവൃത്തിയുടെ നിരക്കിന് ഇപ്രകാരം അംഗീകാരം വാങ്ങിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 2 തിയതി 27.12.2022 പ്രകാരം നിർവഹണോദ്യോഗസ്ഥനോട് എസ്റ്റിമേറ്റിൽ കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം പ്രവൃത്തിയുടെ നിരക്കിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല).

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 29.04.2021ലെ No. Insp.Tech-2/118/2020-FIN കത്തിൽ കോക്കനട്ട് പൈലിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ ഒബ്സെർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കായ 130.41/m കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്.

Code OD 6380/2020-2021

Coconut Pile-Driving Down Coconut Pile To Lines And Levels Through Soft To Medium Clay Soil Strata Including All Hire Charges And Labour And All Other Appliances Necessary For Pile Driving Down After Pointing The Bottom End. Details For One Post Of6m Long 15 Numbers Perday 6 X 15=90m. Details For 90m Length

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| 0128 | Mate | Day | 4.00 | 407.00 | 1628.00 |
| 0115 | Coolie | Day | 4.00 | 368.00 | 1472.00 |
| 0020 | Hydraulic Excavator (3D) With Driver And Fuel | Day | 1.00 | 6500.00 | 6500.00 |
| 0112 | Carpenter $2^{nd}$ Class | Day | 1.00 | 448.00 | 448.00 |
| 9999 | Sundries | L.S | 4.00 | 1.73 | 6.92 |
| MR | Hire Charges For Coir, Iron Rope, Hammer And Other Accessories | L.S | 1.00 | 50.00 | 50.00 |
| | | | | TOTAL Cost For 90 Metre | 10104.92 |
| | | | | TOTAL Cost For 1 Metre | 112.28 |
| | | | | Add Water Charges @ 1% | 1.12 |
| | | | | Add CPOH@ 15% | 17.01 |
| | | | | Say | 130.41 |

മേൽ പരാമർശിച്ച നിരക്ക് കണക്കാക്കിയത് DSR 2016 ലെ നിരക്കിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ തോടുകളുടെ പുനരുദ്ധാരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DSR 2018 ലെ നിരക്ക് അടിസ്ഥാനമാക്കിയാണ്. ആയതിനാൽ കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം പ്രവൃത്തിയുടെ ഡാറ്റ DSR 2018 അടിസ്ഥാനമാക്കി ചുവടെ ചേർക്കും പ്രകാരം പരിഷ്കരിക്കാവുന്നതാണ്..

Code OD 6380/2020-2021

Coconut Pile-Driving Down Coconut Pile To Lines And Levels Through Soft To Medium Clay

Soil Strata Including All Hire Charges And Labour And All Other Appliances Necessary For Pile Driving Down After Pointing The Bottom End. Details For One Post Of6m Long 15 Numbers Perday 6 X 15=90m. Details For 90m Length

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| 0128 | Mate | Day | 4.00 | 617.00 | 2468.00 |
| 0115 | Coolie | Day | 4.00 | 558.00 | 2232.00 |
| 0020 | Hydraulic Excavator (3D) With Driver And Fuel | Day | 1.00 | 7000.00 | 7000.00 |
| 0112 | Carpenter 2nd Class | Day | 1.00 | 679.00 | 679.00 |
| 9999 | Sundries | L.S | 4.00 | 2 | 8.00 |
| MR | Hire Charges For Coir, Iron Rope, Hammer And Other Accessories | L.S | 1.00 | 50.00 | 50.00 |
| | | | | TOTAL Cost For 90 Metre | 12437.00 |
| | | | | TOTAL Cost For 1 Metre | 138.20 |
| | | | | Add Water Charges @ 1% | 1.38 |
| | | | | Add CPOH@ 15% | 20.94 |
| | | | | Say | 160.52 |
| | | | | Cost Index 33.05% | 53.05 |
| | | | | Total With Cost Index For 1 Metre | 213.57 |

കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം പ്രവൃത്തിക്ക് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കും (₹ 1079.43/m) ആയതിന്റെയടിസ്ഥാനത്തിൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കും (₹ 725/m) ചീഫ് ടെക്നിക്കൽ എക്സാമിനർ 29.04.2021ലെ No. Insp.Tech-2/118/2020-FIN കത്തിൽ ന്യായമായ നിരക്കായി കണക്കാക്കിയ 130.41 + കോസ്റ്റ് ഇൻഡക്സിനേക്കാളും (DSR 2018-ന്റെയടിസ്ഥാനത്തിൽ പരിഷ്കരിച്ച നിരക്ക് 160.52 + കോസ്റ്റ് ഇൻഡക്സ്) വളരെ കൂടുതലാണ്. ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ചീഫ് ടെക്നിക്കൽ എക്സാമിനർ, LSGD ചീഫ് എഞ്ചിനീയർ എന്നിവർ കോക്കനട്ട് പൈലുകൾ സ്ഥാപിക്കുന്നയിനം പ്രവൃത്തികൾക്കായി ഡാറ്റ തയ്യാറാക്കുന്നതിനായി നൽകിയ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ സർക്കാർ ന്യായമായ നിരക്കായി കണക്കാക്കിയ 160.52/m + 33.05% കോസ്റ്റ് ഇൻഡക്സ് (ആകെ ₹ 213.57/m) ആണ് ഈ പ്രവൃത്തിയിൽ Driving Down Coconut Piles എന്നയിനത്തിന് അനുവദനീയമായ നിരക്ക്. ഇത് പ്രകാരം 282m കോക്കനട്ട് പൈലുകൾ സ്ഥാപിച്ചതിന് ₹ 213.57/m എന്ന നിരക്കിൽ 60,227/- രൂപയാണ് അളവ് മൂല്യം. ആയതിന്റെ 12% ജി.എസ്.ടി കോമ്പൻസേഷൻ കൂട്ടി 67,454/-രൂപയാണ് കരാറുകാരന് പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ കരാറുകാരന് 2,28,984/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിക്കായി അധികം ചെലവഴിച്ച 1,61,530/- രൂപ (₹ 2,28,984 - ₹ 67454) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായ് ഈടാക്കേണ്ടതാണ്.

(മേൽ പ്രവൃത്തികൾക്കായി ₹ 1,61,530/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 2 തീ: 27.12.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

1-17 റോഡ് പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത (Scarified) കല്ലും മെറ്റലും പുനരുപയോഗത്തിനുള്ള സാധ്യത പരിഗണിക്കണം.

ഗ്രാമ പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 2021-2022 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ചുവടെ പരാമർശിക്കുന്ന റോഡ് റീടാറിംഗ്/ കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ നിലവിലുള്ള റോഡ് പ്രതലം 15 സെ.മി കനത്തിൽ കിളച്ചെടുക്കുന്നയിനം (Code 3.2-Preparation Of Foundation For Embankment-Scarifying Existing Bituminous Surface To A Depth Of 150mm By Mechanical Means And Disposal Of Scarified Material With A Liftupto3m And Leadupto 1000m) പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇപ്രകാരം പഴയ ടാറിംഗിന്റെ ഭാഗങ്ങളും മെറ്റലും കല്ലുകളും കിളച്ചെടുത്ത് നിരപ്പാക്കിയ പ്രതലത്തിൽ ഗ്രാനുലാർ സബ്-ബേസ് പ്രവൃത്തിയും (Code 4.11.2-Granular Sub-base/base/surfsce Course With Local Materials (Table 400.13) By Mix In Place Method Normal. Using Gravel Mix Soil) ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികളിൽ Scarifying Of Existing Bituminous Road Surface എന്നയിനം പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മെറ്റലുകളും കരിങ്കൽ കഷണങ്ങളും പുനരുപയോഗ്യയോഗ്യമാണോ അല്ലയോ എന്നൊന്നും അളവ് പുസ്തകങ്ങളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | എസ്റ്റിമേറ്റ് നമ്പർ. | അളവു പുസ്തകം നമ്പർ. | ആകെ അളവ് മൂല്യം (12% GST ഘടകവും ഉൽപ്പെടെ) | Scarifying Existing Bituminous Surface To A Depth Of 150mm ചെയ്ത പ്രതലത്തിന്റെ അളവ് | Granular Sub-base ചെയ്ത പ്രതലത്തിന്റെ അളവ് | ബിൽനം/തീയതി |
|---|---|---|---|---|---|---|
| തുരുത്തി ജുമാ അത്ത് പള്ളി ബോട്ട് ജെട്ടി റോഡ് റീടാറിംഗ് (പ്രൊജക്ട് നം 55/22) | EST No 2021/21929 | 213/20-21 | 907713/- | 917.40 Sqm (അളവ് മൂല്യം=8220/-) | 46.83cum (അളവ് മൂല്യം=83901/-) | BRN 21200352019201032710 തീ:31.01.2022 |
| റെയിൽവേ ഗേറ്റ് മടിവയൽ റോഡ് കോൺക്രീറ്റിംഗ് | EST No 2021/22616 | 209/20-21 | 518494/- | 392.7 Sqm (അളവ് മൂല്യം=2639/-) | 39.27cum (അളവ് മൂല്യം=65974/-) | BRN 21200352019201005255 തീ:25.01.2022 |

| | | | | | | |
|---|---|---|---|---|---|---|
| (പ്രൊജക്ട് നം 177/22) | | | | | | |
| മടക്കര മുഴക്കീൽ പതിക്കാൽ റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം 169/22) | EST No 2021/22339 | 211/20-21 | 1125589/- | 698.33 Sqm (അളവ് മൂല്യം=4693/-) | 92.667cum (അളവ് മൂല്യം=155680/-) | BRN 21200352019201005928 തീ:25.01.2022 |

മേൽ പരാമർശിച്ച പ്രവൃത്തികളിൽ Scarifying-ന്റെ ഭാഗമായി ലഭിച്ച മെറ്റീരിയലുകൾ ഗ്രാനുലാർ സബ്-ബേസ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി നം. 9 തിയതി 29.12.2022 പ്രകാരം നിർവഹണോദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ റോഡ് പ്രവൃത്തിയുടെ ഭാഗമായി റോഡ് പ്രതലം Scarify-ചെയ്ത് ലഭിക്കുന്ന മെറ്റീരിയലുകൾ ഗ്രാനുലാർ സബ്-ബേസ് പ്രവൃത്തിയ്ക്ക് പുനരുപയോഗത്തിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ വാങ്ങിയ ഫർണിച്ചർ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ.

പ്രൊജക്ട് നം-13/22 (8,9,10 ക്ലാസിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ)

2021-2022 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 8,9,10 എന്നീ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം അശ്വിൻ ഇൻഡസ്ട്രീസ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും 22 മേശയും 22 കസേരയും വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ മേശയുടെയും കസേരയുടെയും വിലയായി 92,686/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മേൽ സ്ഥാപനത്തിന്റെ ഉടമയായ ശ്രീമതി. അനിത.കെ എന്നവർക്ക് നൽകിയിട്ടുണ്ട് (BRN 21200352020700978297/15.01.2022). പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 21 വിദ്യാർത്ഥികൾ ഫർണിച്ചർ കൈപറ്റിയതിന്റെ രശീതി മാത്രമണ് ഫയലിൽ സൂക്ഷിച്ചതായി കാണാൻ കഴിഞ്ഞുള്ളൂ. ശേഷിക്കുന്ന ഒരു മേശയും കസേരയും എന്തുചെയ്തു എന്നതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 1/22.12.2022പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററോട് ആവശ്യപ്പട്ടതിനു മറുപടിയായി വിതരണം ചെയ്യാത്ത ഒരു മേശയും കസേരയും ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് 2022-2023വർഷത്തെ പ്രൊജക്ടുമായി ബന്ധപ്പെടുത്തി വിതരണം നടത്തുന്നതാണ് എന്നറിയിക്കുകയുണ്ടായി. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഒരു മേശയും കസേരയും പട്ടികജാതി വിഭാഗത്തിൽപെട്ട അർഹരായ ഒരു വിദ്യാർത്ഥിയെ കണ്ടെത്തി വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച 92,686/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 തരിശ് നെൽകൃഷി പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | തരിശ് നെൽകൃഷി വികസന പദ്ധതി- 2021-22 |
| പദ്ധതി നമ്പർ | 86/2021-22 |
| പദ്ധതി അടങ്കൽ | 1,69,800 രൂപ (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 1,29,800 രൂപ (ബില്ല് നം.16 തീ.5.3.2022)<br>40,000 രൂപ(ബില്ല് നം.13 തീ.23.2.2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പഞ്ചായത്തിലെ 5 ഹെക്ടർ തരിശു സ്ഥലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കർഷകനും ഭൂ ഉടമയ്ക്കും ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതിയാണിത്. പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം. 42 ലെ അധികവിവരത്തിൽ കഴിഞ്ഞ 3 വർഷങ്ങളായി ഭൂമി തരിശ് കിടക്കുന്നു എന്ന് കൃഷി ഓഫീസർക്ക് ബോധ്യപ്പെട്ടാൽ ടി ആനുകൂല്യം അനുവദിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമൊരു പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പ്രോജക്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ).പല അപേക്ഷകളും പൂർണമല്ല. ചില അപേക്ഷകളിൽ അപേക്ഷകന്റെ ഒപ്പ്, കൃഷിസ്ഥലം സംബന്ധിച്ച രേഖപ്പെടുത്തലുകൾ എന്നിവയില്ല.

ബി).ചില അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ട്, വാല്യൂവേഷൻ റിപ്പോർട്ട് എന്നിവ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി).ചില അപേക്ഷകളിൽ പാട്ടകൃഷി നടത്തുന്നതിന് ഭൂവുടമയുടെ സമ്മതപത്രം/പാട്ടകരാർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/29.12.2022-ന് മറുപടി നല്കിയിട്ടില്ല. മേൽ അപാകത കാരണം പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 1,69,800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ബാലൻസ് രശീതികൾ

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ 2021-22വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ രശീതി സ്റ്റോക്ക് പരിശോധനയിൽ മാന്വൽ രശീതി ബുക്കുകൾ 31 എണ്ണവും (നം.6637മുതൽ 6667വരെ) സാംഖ്യ (ക്യാഷ്) രശീതികൾ 932 എണ്ണവും (രശീതി നം.2390069 മുതൽ 2391000 വരെ) സൂചിക രശീതികൾ 4000എണ്ണവും (രശീതി നം.713001 മുതൽ 717000 വരെ) ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.8, 53 & 75) 2022 വർഷം മുതൽ ILGMS നിലവിൽ വന്ന സാഹചര്യത്തിൽ സാംഖ്യ/സൂചിക രശീതികൾ ഉപയോഗിക്കേണ്ട ആവശ്യം വരുന്നില്ല. ആയതിനാൽ ബാക്കിയുള്ള രശീതികൾ തിരികെ നൽകുന്നതിന്/ക്യാൻസൽ ചെയ്യുന്നതിന് മേലധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്

1-21 ലൈസൻസ് -അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) ലൈസൻസ് ഫീ ഈടാക്കിയതിൽ അപാകത

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും
പരിശോധിച്ചപ്പോൾ ലൈസൻസ് ഫീ ഈടാക്കിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.
വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് നം., അപേക്ഷകന്റെ പേര്, വിശദാംശങ്ങൾ | രസീത് നം., തീയതി | മൂലധന നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | നം.10.ഇ.കെ.അബ്ദുൾ റസാഖ്, മറൈൻ ഐസ് പ്ലാന്റ്, മടക്കര | 120220107335 /06.02.2021 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം-30,00,000 | 500 | 1,000 | 500 |
| 2 | നം.284-ചന്ദ്രശേഖരൻ.വി, വെണ്ണോളി മെഡിക്കൽസ് | 120220108850/ 26.02.2021 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം-10,00,000 | 300 | 500 | 200 |
| 3 | നം.337-പ്രീതി ബ്രിജേഷ്, ഹെൽത്ത് കെയർ(ലേഡീസ് ഫിറ്റ്നെസ് സെന്റർ) | 120220109467/ 03.03.2021 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം-10,00,000 | 300 | 500 | 200 |

ലൈസൻസ് രജിസ്റ്ററിലെയും വാർഷികധനകാര്യപത്രികയിലെയും വരവു തുക തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ആകെ വരവ്-2,69,550/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ 2,79,650/-രൂപ വരവുണ്ട്. വ്യത്യാസം 10,100/-രൂപ . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.6 തീയതി :28.12.2022)

## 1-22 സാക്ഷരത പ്രേരകിന് അനുവദിച്ച ഹോണറേറിയം, തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരകുമാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം, സാക്ഷരതാ മിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് സ.ഉ (സാധാ) നം.626/2021 തസ്വഭവ തി.26.02.2021 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ സാക്ഷരത പ്രേരകിന് (വനജ ഇ ടി) ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം ഓണറേറിയം നൽകിയിട്ടുണ്ട് . ഈ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ് (ആകെ - ₹ 35,328 /-)

1) വൗ നം.22100039/13.04.2021 - ₹ 16,896/-

2)വൗ നം.22100169/31.05.2021 - ₹ 8,832/-

3) വൗ നം.22100333/12.07.2021 - ₹ 9,600/-

ഓഡിറ്റ് എൻക്വയറി -11 (തിയതി-29.12.2022)

## 1-23 തെർമൽ സ്കാനറും മറ്റും വാങ്ങി നൽകിയത് - വിതരണ വിവരങ്ങൾ ലഭ്യമല്ല

കോവിഡ് ഭീതിക്ക് ശേഷമുള്ള സ്കൂൾ റീ-ഓപ്പണിങ്ങുമായി ബന്ധപ്പെട്ട് 26.10.2021 തിയതിയിൽ, മാർക്ക് ഫാർമ, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും ₹ 1,150/- നിരക്കുള്ള പതിനൊന്ന് തെർമൽ സ്കാനർ,സാനിറ്റൈസർ (500ml @₹235 X 10 Nos),ഹാൻഡ് റബ് (5 Lit @ ₹1,570 X 11 Nos) എന്നിവ വാങ്ങിയതിന് ചെക്ക് നം.347553/06.12.2021 പ്രകാരം - ₹ 38,660/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ വിതരണം ചെയ്തതിന്റെയോ കൈപ്പറ്റിയതിന്റെയോ സ്റ്റോക്കിൽ എടുത്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല . ഈ പതിനൊന്ന് തെർമൽ സ്കാനറുകളുടെ നിലവിലെ സ്ഥിതി (പ്രവർത്തനക്ഷമമാണോ ? ആരുടെ കൈവശമാണുള്ളത് ?) സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി -11 (തിയതി-29.12.2022) ന് മറുപടി നൽകിയില്ല. ആയതിനാൽ ഈയിനത്തിൽ വിനിയോഗിച്ച ₹ 38,660/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 വാർഡുതല സാനിറ്റേഷൻ- ചെലവ് വിവരങ്ങൾ നൽകിയില്ല

പഞ്ചായത്തിലെ 17വാർഡുകളിലെ സാനിറ്റേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, വിവിധ വാർഡുതല ശുചിത്വ സമിതികൾക്കായി (വാർഡ് 14 ഒഴികെ ) -, ചെക്ക് നം.347555/07.12.2021 പ്രകാരം ₹73,894/- (വാർഡ് 2-10080/-, വാർഡ് 8-10000/- വാർഡ് 9- 14336/- വാർഡ്13 – 10000/-, വാർഡ്4-8960/-, വാർഡ്6- 8960/-, വാർഡ് 10 -11,648/-) , ചെക്ക് നം.347588/ 01.02.2022 പ്രകാരം ₹20,000/- (വാർഡ് 3- 10000/-, വാർഡ് 5- 10000/-) , ചെക്ക് നം.515356/ 31.03.2022 പ്രകാരം ₹ 77,920/- (വാർഡ് 1 -8960/-, വാർഡ് 7- 10000/-, വാർഡ് 11-20000/-, വാർഡ് 15-20000/-, വാർഡ് 16- 10000/-, വാർഡ് 17- 8960/-) ചെലവഴിച്ചിട്ടുണ്ട് (ആകെ ₹1,71,814).ഇതുമായി ബന്ധപ്പെട്ട് ഏതാനും മസ്റ്റർ റോളുകളെ ചെലവ് രേഖകളായി സമർപ്പിച്ചിട്ടുള്ളൂ. ഇവ അനുവദിച്ച ചെലവിന് ആനുപാതികവുമല്ല. മറ്റ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല.ഈ സാഹചര്യത്തിൽ, വാർഡ് തല സാനിറ്റേഷനുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലേയും ചെലവ് വിവരങ്ങൾ, വാർഡുതല ശുചിത്വ സമിതിയുടെ മിനിട്സ്, പാസ്ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി -11 (തിയതി-29.12.2022) ക്ക് മറുപടി നൽകിയില്ല. ആയതിനാൽ എല്ലാ വാർഡുകളിലേയും ചെലവ് വിവരങ്ങൾ, വാർഡുതല ശുചിത്വ സമിതിയുടെ മിനിട്സ്, പാസ്ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വിധേയമായി, ഈയിനത്തിൽ വിനിയോഗിച്ച ₹ 1,71,814/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2021-22 വർഷം ജീവനക്കാർ ആർജ്ജിതാവധി പണമാക്കിയത്

കോവിഡ് 19 മായി ബന്ധപ്പെട്ട് സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി 05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.മേൽ ഉത്തരവ് പ്രകാരം ആർജ്ജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് വൗച്ചർ നമ്പർ 22100194/ 01.06.2021 പ്രകാരം 3,13,272/- രൂപ ആർജ്ജിത അവധി സറണ്ടർ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

